പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1601 — 11.2.2013-ൽ മറുപടിക്ക്

വിദേശ ഏജൻസികളിൽ നിന്ന് വായ്പ ലഭിക്കുന്ന നഗരസഭകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഏതെല്ലാം നഗരസഭകൾക്കാണ് വിദേശ ഏജൻസികളിൽ നിന്ന് വായ്പ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) വായ്പ ലഭിക്കുന്നുണ്ട്. |
| ബി) ഏതെല്ലാം ഏജൻസികളാണ് വായ്പ നൽകുന്നത്; | ബി) ഏഷ്യൻ വികസന ബാങ്കാണ് (ADB) സുസ്ഥിരനഗര വികസന പദ്ധതിയ്ക്കായി (കെ.എസ്.യു.ഡി.പി) വായ്പ നൽകുന്നത്. |
| സി) ഓരോ ഏജൻസിയും ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്; | സി) ഏഷ്യൻ വികസന ബാങ്കിന്റെ (ADB) കെ.എസ്.യു.ഡി.പിയ്ക്കായുള്ള വായ്പക്ക് 0.60% +LIBOR for 6 months ( London Inter Bank Offered Rate for six month) ആണ് പലിശ നിരക്ക്. |
| ഡി) ആകെ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഡി) കെ.എസ്.യു.ഡി.പി-യ്ക്ക് ഏഷ്യൻ വിസകന ബാങ്കിൽ നിന്നും മുൻകൂറായി വായ്പ ലഭിക്കുന്നില്ല. നാളിതുവരെ 5 കോർപ്പറേഷനുകൾക്കായി 314 കോടി രൂപ റീ ഇംപേഴ്സ്മെന്റായി ഏഷ്യൻ വികസന ബാങ്ക് കേന്ദ്രസർക്കാരിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ